(ബി) ഉണ്ടെങ്കിൽ നഴ്സറി മുതൽ പ്രൊഫഷണൽ കോഴ്സുവരെ ഓരോ വിഭാഗത്തിലും നിലവിലുണ്ടായിരുന്ന ആനുകൂല്യവും വർദ്ധിപ്പിച്ച ആനുകൂല്യവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്ന മറ്റാനുകൂല്യങ്ങൾ എന്തെല്ലാം ആണെന്നും അവ എത്ര വീതമാണെന്നും വിശദമാക്കുമോ ;

(ഡി) ഇവ വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ മുതൽ വർദ്ധിപ്പിക്കുമെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 17-9-1996-ലും 12-1-2001-ലുമായി രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മുമ്പ് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ 1996-ൽ വർദ്ധിപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1† ആയും 2001-ൽ വർദ്ധിപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1 എ-ആയും ചേർത്തിട്ടുണ്ട്†.

(സി) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്†.

(ഡി) ലംസ്ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ്മണി മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ 12-1-2001-ൽ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ മറ്റൊരു വർദ്ധനവ് പരിഗണനയിലില്ല.

പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയാൻ നടപടി

6 (*36) ശ്രീ. എ. കെ. മണി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട് ;

(ബി) ഈ കേസുകളിൽ ഉൾപെടുന്ന അതിക്രമങ്ങൾ ഏതെല്ലാം ഗണത്തിൽപ്പെടുന്നവയാണെന്ന് കണക്ക് നല്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച കേസുകൾ പെട്ടെന്ന് തീർപ്പാക്കി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

---

† അനുബന്ധം II, II 'എ', II 'ബി'

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം കേസുകൾ പെട്ടെന്ന് തീരുമാനമാക്കുന്നതിന് ജില്ലകൾ തോറും സ്പെഷ്യൽ കോടതികൾ രൂപീകരിക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 1769 കേസുകൾ (9/2000 വരെയുള്ള കണക്ക്)

(ബി) കൊലപാതകം, കഠിനമായ ദേഹോപദ്രവവും ബലാൽസംഗം, തീവെയ്പ് മറ്റു കുറ്റകൃത്യങ്ങൾ തുടങ്ങിയ ഗണത്തിൽപ്പെടുന്നു.

(സി) ഇക്കാര്യം സംബന്ധിച്ച കേസുകൾ പെട്ടെന്ന് തീർപ്പാക്കി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാർക്കും കർശനമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

(ഡി) കേരളത്തിലെ 14 പ്രിൻസിപ്പൽ ജില്ലാ കോടതികളെയും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്പെഷ്യൽ കോടതികളായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലെയും പബ്ലിക് പ്രോസിക്യൂട്ടർമാരെ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന തിനുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയോഗിച്ചിട്ടുണ്ട്.

ഗിരിജനങ്ങളുടെ പട്ടിണിമാറ്റാൻ നടപടി

7 (*37) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗിരിജൻ സെറ്റിൽമെന്റുകളുണ്ട് ;

(ബി) ഈ സെറ്റിൽമെന്റിലുള്ളവർക്ക് ഉപജീവനത്തിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(സി) വർഷകാലത്ത് ഈ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്ക് കൊടും പട്ടിണിയെ അഭിമുഖീകരിക്കേണ്ടി വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാലത്ത് ഗിരിജൻ കുടുംബങ്ങൾക്ക് സൗജന്യമായി അരിയും മറ്റുഭക്ഷ്യവസ്തുക്കളും എത്തിക്കുന്നതിന് ഈ ഗവൺമെന്റിന് എന്തെല്ലാം പരിപാടികൾ ഉണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) ഇക്കാര്യത്തിൽ യാതൊരു പരിപാടിയും ഇല്ലാത്ത പക്ഷം അതിനുള്ള നടപടി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 1999 വർഷം ശേഖരിച്ച കണക്കുപ്രകാരം 3945 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly